**TRACK - 12**

**S ദാനിയേൽ സമ്പത്ത് കുമാർ**
No: 147- തിരുനിലയ് കോളനി
വെച്ചൂർ PO, ചെന്നെയ് - 6000103.




**S.DANIEL SAMPATH KUMAR**

*No. 147, Thirunilai colony ,*
*vichoor post , chennai - 600 103*

*E-Mail : sdanielsampathkumar@gmail.com*
*Website : danielendtimebooksministry.org*
*Phone No :* 99419 74213 , 96001 71260

MALAYALAM

# *The Spoken Word*

*by*

*WILLIAM MARRION BRANHAM*

ദൈവത്തിന്റെ വചനം പ്രവാചകനായ
വില്ല്യം മാരിയൺ ബ്രൺഹാമിന്റെ അടുക്കൽ വന്നു

''നിന്റെ പേന എടുത്ത് എഴുതുക''

**PICK UP YOUR PEN AND WRITE**

**അരുളിച്ചെയ്ത വചനമത്രെ യഥാർത്ഥ വിത്ത്**

## ദൈവത്തിൻെറ വചനം പ്രവാചകനായ വില്ല്യം മാരിയൺ ബ്രൺഹാമിൻെറ അടുക്കൽ വന്നു

### ''നിൻെറ പേന എടുത്ത് എഴുതുക''

### PICK UP YOUR PEN AND WRITE

ഒരു രാത്രിയിൽ ഞാൻ കർത്താവിൻെറ സന്നിധിയിൽ കാത്തിരുന്നപ്പോൾ, പരിശുദ്ധാത്മാവ് എന്നോടു പേനയെടുത്ത് ഇപ്രകാരം എഴുതുവാൻ ആവശ്യപ്പെട്ടു. ഞാൻ പേനയെടുത്തപ്പോൾ പരിശുദ്ധാത്മാവ് സഭക്കുവേണ്ടി ഈ ദൂതു നല്കി. അതു നിങ്ങളോടു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു വചനത്തെയും മണവാട്ടിയെയും സംബന്ധിക്കുന്ന കാര്യങ്ങളാണ്.

''ഞാൻ നിന്നോടു പറയാനാഗ്രഹിക്കുന്ന കാര്യങ്ങൾ ഇവയാണ്. പുനരുല്പാദന നിയമം (Law of reproduction) അനുസരിച്ച് ജീവജാലത്തിൽപ്പെട്ട ഓരോ വർഗ്ഗവും അതതു തരം വർഗ്ഗത്തെ ഉല്പാദിപ്പിക്കുന്നു. അതു ഉല്പത്തി 1:11 ൽ പറഞ്ഞിട്ടുണ്ട്. ''ഭൂമിയിൽനിന്നും പുല്ലും വിത്തുള്ള സസ്യങ്ങളും ഭൂമിയിൽ അതതു തരം വിത്തുള്ള ഫലം കായിക്കുന്ന വൃക്ഷങ്ങളും മുളച്ചു വരട്ടെയെന്നു ദൈവം കല്പിച്ചു''. അതു അങ്ങിനെതന്നെ സംഭവിച്ചു. ഏതുതരം ജീവനായിരുന്നുവോ വിത്തിലുണ്ടായിരുന്നതു അതു ചെടിയിലേക്കും പിന്നീടു ആ ചെടിയുടെ ഫലത്തിലേക്കും പകരുന്നു. ഈ നിയമം തന്നെ ഈ കാലത്തിലെ സഭക്കും പ്രായോഗികമാണ്. ഏതു തരം വിത്തിൽ നിന്നുമാണ് സഭ തുടങ്ങിയത് ആ മൂലവിത്തിനെത്തന്നെ അതു ഉല്പാദിപ്പിക്കും, എന്തുകൊണ്ടെന്നാൽ അതു ഉല്പാദിപ്പിക്കുന്ന വിത്തു ഒരേ തരത്തിലുള്ളതായിരിക്കുമല്ലോ. ഈ അന്ത്യകാലത്തിങ്കൽ യഥാർത്ഥ മണവാട്ടി സഭ (ക്രിസ്തുവിൻെറ സന്തതി - Christ's Seed) ഇലയുടെ സ്ഥാനത്ത് (ചെടികളിൽ കായുണ്ടാകുന്ന സ്ഥാനം) എത്തിച്ചേരുകയും അവൾ ഒരു അതിശ്രേഷ്ഠസഭയായി (Super Church) വളർന്ന് ക്രിസ്തുവിനോടു ഏറ്റവും അനുരൂപയായിത്തീരുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ അവൾ ക്രിസ്തുവിൻെറ സന്തതി (Seed) ആകുന്നു. മണവാട്ടി എല്ലാക്കാര്യത്തിലും അവനെപ്പോലെ തന്നെ ആയിരിക്കും. അവൻെറ സ്വരൂപം തന്നെയായിരിക്കും അവൾക്കും. അവർ ഇരുവരും

ഒന്നാണ്. ജീവനുള്ള് ദൈവത്തിൻെറ വചനത്തെ അവർ ഇരുവരും തങ്ങളുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തിക്കൊണ്ടിക്കും. വിഭാഗീയ സഭകൾക്ക് (Denominations) ഇതു പുറപ്പെടുവിക്കുവാൻ കഴിയുകയില്ല. (അവർ തെറ്റായ വിത്തുകളാണ്) അവർ തങ്ങളുടെ സഭാ വിശ്വാസ പ്രമാണങ്ങളും തത്വ സംഹിതകളും ദൈവ വചനത്തോടു കൂട്ടിക്കലർത്തുന്നു. ഇങ്ങനെ ദൈവ വചനം അവർ സങ്കരമാക്കുന്നതിനാൽ ഒരു സങ്കര സഭ (Hybrid Religion) യെയാണു അതുല്പാദിപ്പിക്കുന്നത്.

ആദ്യത്തെ പുത്രൻ (ആദാം) ദൈവത്തിൻെറ അരുളിച്ചെയ്യപ്പെട്ട വചന സന്തതി (Spoken Seed-Word) ആയിരുന്നു. ഒരു സന്തതിയെ ഉല്പാദിപ്പിക്കുന്നതിനായി അവനൊരു മണവാട്ടിയെയും നൽകിയിരുന്നു - ദൈവത്തിനു വേണ്ടി മറ്റൊരു പുത്രനെ ഉല്പാദിപ്പിക്കുന്നതിന്. എന്നാൽ അവൾ പാപത്തിൽ വീണു പോയി. സാത്താനുമായുള്ള സങ്കര പ്രജനനത്താൽ (Hybridisation) അവൾ വീണുപോയി. അങ്ങനെ ആദാം മരിക്കുന്നതിനു അവൾ കാരണമായിത്തീർന്നു. രണ്ടാമത്തെ പുത്രനായ യേശുക്രിസ്തുവും ദൈവത്തിൻെറ അരുളിച്ചെയ്യപ്പെട്ട വചന സന്തതിയായിരുന്നു; അവനും അവനെപ്പോലെയുള്ള ഒരു സന്തതിയെ ഉല്പാദിപ്പിക്കുന്നതിനു ഒരു മണവാട്ടി (സഭ) നല്കപ്പെട്ടു. എന്നാൽ അവൻ അവളെ വിവാഹം കഴിക്കുന്നതിനു മുമ്പു അവളും വീണുപോയി. ആദാമിൻെറ ഭാര്യയെപ്പോലെ തന്നെ അവൾക്കും ഒരു പരീക്ഷയെ നേരിടേണ്ടതായി വന്നു. അവൾ ദൈവവചനം വിശ്വസിച്ചുകൊണ്ടു ജീവിക്കണമോ അതോ ദൈവവചനത്തെ സംശയിച്ചു നശിച്ചു പോകണമോ എന്നുള്ള ഒരു പരീക്ഷ. അവൾ വചനത്തെ സംശയിക്കുകയും അതു തള്ളിക്കളയുകയും ചെയ്തു. അങ്ങനെ അവൾ മരിച്ചു.

ദൈവത്തിൻേറതായ ഒരു ചെറിയ കൂട്ടം വചന സന്തതികളിൽ നിന്നു ദൈവം ക്രിസ്തുവിനു സ്നേഹവതിയായ ഒരു മണവാട്ടി (സഭ)യെ നല്കും. അവൾ അവൻെറ വചനത്തിനു കളങ്കം ചേർക്കാത്തവളായിരിക്കും. അവൾ ഒരു കന്യകയാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യനിർമ്മിതമായ വിശ്വാസപ്രമാണങ്ങളും തത്വസംഹിതകളും ഒന്നും അവൾക്കറിയില്ല. ആ കന്യകയിൽ വെളിപ്പെട്ടു കാണുന്നതിനു ദൈവം എന്തു വാഗ്ദത്തം ചെയ്തിരിക്കുന്നുവോ അതെല്ലാം മണവാട്ടിയുടെ അംഗങ്ങളായിരിക്കുന്നവരിലൂടെ നിറവേറപ്പെടും.

വാഗ്ദത്ത വചനം കന്യകയായ മറിയക്കു വന്നു. ആ വാഗ്ദത്ത വചനം അവൻ തന്നെയായിരുന്നു - ജഡത്തിൽ വെളിപ്പെടേണ്ടിയിരുന്ന വചനം. ദൈവം ജഡത്തിൽ വെളിപ്പെട്ടു. സമയം വന്നപ്പോൾ അവൻ



അബ്രഹാമിൻേറതുപോലുള്ള വിശ്വാസത്താൽ വചനത്തോടു ചേർന്നു നില്ക്കുക തന്നെ ചെയ്യും. എന്തുകൊണ്ടെന്നാൽ അവരെല്ലാം അബ്രഹാമിനോടൊപ്പം മുൻനിർണ്ണയിക്കപ്പെട്ടവരാണ്.

ഈ അന്ത്യകാലത്തിനായുള്ള ദൂതൻ ദൈവം നിർണ്ണയിച്ചിരിക്കുന്ന സമയത്തുതന്നെ പ്രത്യക്ഷപ്പെടും. യിസ്രായേൽ ജനങ്ങൾ അവരുടെ സ്വന്തം രാജ്യത്തേക്കു വന്നു ചേർന്നിരിക്കുന്നതിനാൽ ഇതു അന്ത്യകാലമാണെന്നു നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ. മലാഖി 4-ാം അദ്ധ്യായമനുസരിച്ച് ഈ ദൂതൻ ഏതു നിമിഷത്തിലും വരാവുന്നതാണ്. നാം അവനെ കാണുമ്പോൾ വചനത്തിനു തന്നെ മുറ്റിലും സമർപ്പിച്ച ഒരുവനായിട്ടാണു അവനെ കാണുക. വെളിപ്പാടു 10:6-ൽ (ഇംഗ്ലീഷ് ബൈബിളിൽ 10:7) പറഞ്ഞിരിക്കുന്ന ഏഴാമത്തെ ദൂതനായി അവൻ ചൂണ്ടിക്കാണിക്കപ്പെടും. ദൈവം അവൻെറ സുവിശേഷ വേലയെ ന്യായീകരിക്കും. ഏലിയാവു എപ്രകാരം സത്യം പ്രസംഗിച്ചുവോ അതുപോലെ അവനും സത്യം പ്രസംഗിക്കുകയും സീയോൻ മലയിലെ കർത്താവിൻെറ പ്രത്യക്ഷതക്കായി ജനങ്ങളെ ഒരുക്കുകയും ചെയ്യും.

അനേകർ അവനെ തെറ്റിദ്ധരിക്കും. എന്തുകൊണ്ടെന്നാൽ അവർ ദൈവ വചനം പഠിച്ചിരുന്നതു ഒരു പ്രത്യേക വഴിയിലൂടെയാണ് - അതാണു സത്യമെന്നു അവർ വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ ഈ അന്ത്യകാല ദൂതൻ അവർക്കെതിരായി ശബ്ദമുയർത്തുമ്പോൾ അവർ അവനെ വിശ്വസിക്കുകയില്ല. ചില യഥാർത്ഥ സുവിശേഷ വേലക്കാർ പോലും ഈ ദൂതനെ തെറ്റിദ്ധരിക്കും. ദൈവ സത്യം എന്നു വഞ്ചകർ ഉപദേശിച്ചിരുന്ന കാര്യങ്ങൾ അവർ വിശ്വസിക്കുമെന്നതിനാലാണു അങ്ങനെ സംഭവിക്കുക.

ക്രിസ്തുവിൻെറ ആദ്യത്തെ വരവിൻെറ മുന്നോടിയായിരുന്ന യോഹന്നാൻ സ്നാപകൻ ''ഇതാ ലോകത്തിൻെറ പാപങ്ങളെ ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്'' എന്നു വിളിച്ചു പറഞ്ഞതു പോലെ ഈ പ്രവാചകനും ''ഇതാ ദൈവത്തിൻെറ കുഞ്ഞാട് മഹിമയോടെ വരുന്നു'' എന്നു വിളിച്ചു പറഞ്ഞുകൊണ്ടുവരും. യോഹന്നാൻ തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടിയുള്ള സത്യത്തിൻെറ ദൂതനായിരുന്നതു പോലെ ഈ അന്ത്യകാലദൂതനും തിരഞ്ഞെടുക്കപ്പെട്ടതും വചനത്താൽ ജനിക്കപ്പെട്ടതുമായ മണവാട്ടിക്കുവേണ്ടിയുള്ള ദൂതനായിരിക്കും.

ദൈവം അതിനെക്കുറിച്ചു നമുക്കു മുന്നറിയിപ്പു നല്കിയിട്ടുണ്ട്. അന്ത്യനാളുകളിൽ രണ്ടു തരം ആത്മാക്കളും (ദൈവത്തിൻെറയും സാത്താൻെറയും) ഒന്നാണെന്നു തോന്നിപ്പിക്കത്തവിധം സാദൃശ്യമുള്ളതായിരിക്കുമെന്നും ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമേ അതു വേർതിരിച്ചറിയാൻ സാധിക്കുകയുള്ളു എന്നും മത്തായി 24:24-ൽ യേശു പറഞ്ഞിട്ടുണ്ട്. ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ടവർ മാത്രം അതു മൂലം വഞ്ചിക്കപ്പെടുകയില്ല.

ആ രണ്ടു ആത്മാക്കളെയും എങ്ങനെ നിങ്ങൾക്കു വേർതിരിച്ചറിയാൻ കഴിയും? ദൈവ വചനത്താൽ അവനെ പരിശോധിച്ചു തിരിച്ചറിയാൻ സാധിക്കും. അവർ വചനത്തിനനുസരണമായിട്ടുള്ളവരല്ലെങ്കിൽ ആ ദുഷ്ടനിൽ നിന്നുള്ളവരായിരിക്കും. ദുഷ്ടനായവൻ ആദ്യത്തെ രണ്ടു മണവാട്ടികളെയും (ഹവ്വ, ആദ്യത്തെ തിരുസഭ) വഞ്ചിക്കാൻ ശ്രമിക്കുന്നത് മറ്റുള്ള വിഭാഗീയ സഭകളുടെ മത തത്വസംഹിതകളോടു അവളെ കൂട്ടിക്കലർത്തുന്നതിനാലോ അല്ലെങ്കിൽ വചനത്തിൽനിന്നും അവളെ മറ്റേതെങ്കിലും ഒരു അടയാളത്തിലേക്കു അനുയോജ്യമായ വിധത്തിൽ വഴി തെറ്റിച്ചു കളയുന്നതിനാലോ ആയിരിക്കും. എന്നാൽ വചനത്തെക്കാളുപരിയായ അടയാളങ്ങൾക്കു ദൈവം ഒരിക്കലും മുഖ്യത്വം നല്കിയിട്ടില്ല. അടയാളങ്ങൾ വചനത്തെയാണു പിൻതുടരുന്നത്. ഏലിയാവു ആ വിധവയോടു തനിക്കുവേണ്ടി ഒരപ്പം ചുടുവാൻ ദൈവവചനമനുസരിച്ച് ആവശ്യപ്പെട്ടപ്പോൾ അവൾ ആ വചനത്തിനനുസരണമായി പ്രവർത്തിച്ചു. അപ്പോൾ ഒരു ശരിയായ അടയാളം നടന്നു - അവളുടെ കലത്തിലെ മാവും തുരുത്തിയിലെ എണ്ണയും കുറഞ്ഞു പോകാതെയിരുന്നു. ആദ്യം വചനത്തിനനുസരണമായി പ്രവർത്തിക്കുക അപ്പോൾ അടയാളങ്ങൾ നടക്കും. വചന വിത്തു ആത്മാവിനാൽ ശക്തീകരിക്കപ്പെടുന്നു.

ദൈവത്താൽ അയക്കപ്പെട്ട ഏതെങ്കിലും ഒരു ദൂതനു വചനത്തിൻെറ ഒരു ഭാഗം മാത്രം വിശ്വസിച്ചിട്ടു മറ്റു ഭാഗങ്ങൾ എങ്ങനെ നിഷേധിക്കുവാൻ കഴിയും? ഈ അന്ത്യകാലത്തിനുള്ള പ്രവാചകൻ ദൈവത്തിൻെറ എല്ലാ വചനവും എടുത്ത് ഉൽഘോഷിക്കും. വിഭാഗീയ സഭകൾ ആ ദൂതനെ വെറുക്കും. സർപ്പസന്തതികളെന്നു അവരെ വിളിച്ച യോഹന്നാൻെറ വാക്കുകൾപോലെ ആ ദൂതൻെറ വാക്കുകളും കഠിനമായിരിക്കും. എന്നാൽ മുൻ നിർണ്ണയിക്കപ്പെട്ടവർ ആ ദൂതു ചെവിക്കൊള്ളുകയും ഉൽപ്രാപണത്തിനു (rapture) അവർ ഒരുങ്ങുകയും ചെയ്യും. അബ്രഹാമിൻെറ രാജകീയ സന്തതി



കന്യകക്കു നല്കിയിരുന്ന അവൻെറ വാഗ്ദത്ത വചനം നിറവേറ്റി. ഒരു ദൂതനായിരുന്നു അവൾക്കു ആ ദൂതു കൊണ്ടുവന്നത്. എന്നാൽ ആ ദൂതു ദൈവത്തിൻെറ വചനമായിരുന്നു. (യെശ. 9:6). അവനെക്കുറിച്ചു എഴുതപ്പെട്ടിരുന്നതെല്ലാം ആ സമയത്തു നിറവേറപ്പെട്ടു. എന്തുകൊണ്ടെന്നാൽ അവൾക്കായുള്ള അവൻെറ വചനം അവൾ സ്വീകരിച്ചു.

കന്യകയായ മണവാട്ടിയുടെ അംഗങ്ങളായിരിക്കുന്നവർ അവനെ സ്നേഹിക്കും. അവർക്കു അവൻെറ ശക്തി ഉണ്ടായിരിക്കും. എന്തുകൊണ്ടെന്നാൽ അവൻ അവരുടെ തലയാണ്, എല്ലാ അധികാരവും അവനുള്ളതാണ്. ശരീരത്തിലെ അവയവങ്ങൾ തലയ്ക്കു വിധേയമായിരിക്കുന്നതുപോലെ അവരും അവനു വിധേയമായിരിക്കും.

പിതാവും പുത്രനും തമ്മിലുള്ള ഐക്യം ശ്രദ്ധിക്കുക. എന്തു ചെയ്യണമെന്നു പിതാവു ആദ്യം യേശുവിനു കാണിച്ചു കൊടുത്തിട്ടല്ലാതെ യേശു ഒന്നും പ്രവർത്തിച്ചിരുന്നില്ല (യോഹ. 5:19). ഈ ഐക്യം മണവാളനും അവൻെറ മണവാട്ടിക്കും ഉണ്ടായിരിക്കും. അവൻ അവൾക്കു തൻെറ വചനമാകുന്ന ജീവൻ നല്കുന്നു. അവൾ അതു സ്വീകരിക്കുകയും ചെയ്യുന്നു. അവൾ ഒരിക്കലും അതിനെ സംശയിക്കുന്നില്ല. അതിനാൽ യാതൊന്നും അവൾക്കു ചേതം വരുത്തുകയില്ല, മരണം പോലും. വിത്തു നട്ടു കഴിഞ്ഞാൽ വെള്ളം ആ വിത്തിനെ മുളപ്പിക്കുന്നു. അതിൻെറ രഹസ്യം ഇതാണ്. ദൈവ വചനം മണവാട്ടിയിലുണ്ട് (കന്യകാ മറിയയിൽ ഉണ്ടായിരുന്നതുപോലെ). മണവാട്ടിക്കു ക്രിസ്തുവിൻെറ മനസ്സാണുള്ളത്. എന്തുകൊണ്ടെന്നാൽ വചനത്തിനനുസരണമായി അവൻ ആഗ്രഹിക്കുന്നതെന്താണെന്നു അവൾക്കറിയാം. അവൻെറ വചനത്തിലുള്ള അവൻെറ കല്പനകൾ അവൾ അവൻെറ നാമത്തിൽ നടത്തുന്നു, അതിനു അവൾക്കു ''കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു'' എന്ന വചനം നല്കപ്പെട്ടിരിക്കുന്നു. അവൾ അപ്രകാരം ചെയ്യുമ്പോൾ ദൈവത്തിൻെറ വചനം ആത്മാവിനാൽ ഉയർപ്പിക്കപ്പെട്ടു ഫലം പുറപ്പെടുവിക്കുന്നു. ഒരു വിത്തു നട്ടു കഴിഞ്ഞു വെള്ളം നനച്ചു വളർന്നു വരുന്നതുപോലെ തന്നെ.

മണവാട്ടിയിൽ ഉൾപ്പെട്ടവർ അവൻെറ ആഗ്രഹം മാത്രമേ പ്രവർത്തിക്കുകയുള്ളു. മറ്റൊരു തരത്തിൽ അവരെക്കൊണ്ടു പ്രവർത്തിപ്പിക്കുന്നതിനു ആർക്കും സാധിക്കുകയില്ല. മണവാട്ടിക്കു എന്തെങ്കിലും ഒരു കാര്യം പ്രവർത്തിക്കുന്നതിന് ''കർത്താവു ഇപ്രകാരം

അരുളിച്ചെയ്യുന്നു'' എന്ന വചനമുണ്ട്. അതില്ലെങ്കിൽ അവൾ പ്രവർത്തിക്കുകയില്ല. ദൈവമാണ് അവൻെറ വചനം നിറവേറ്റിക്കൊണ്ടു അവളുടെയിടയിൽ പ്രവർത്തിക്കുന്നതെന്നു അവൾക്കറിയാം. അവൻ ഈ ഭൂമിയിൽ ആയിരുന്നപ്പോൾ എല്ലാ വേലയും പൂർത്തീകരിച്ചിരുന്നില്ല. അതിനാൽ ഇപ്പോൾ അവൻ മണവാട്ടിയിലൂടെ പ്രവർത്തിക്കുന്നു. അവൻ ചെയ്യേണ്ട ചില കാര്യങ്ങൾ ചെയ്യുവാനുള്ള സമയം ആയിട്ടില്ലെന്നും അവനറിയാം. ആ പ്രത്യേക കാലഘട്ടത്തിൽ ചെയ്യേണ്ടതായ ആ ജോലി അവൻ തക്കസമയത്തു തൻെറ മണവാട്ടിയിലൂടെ നിറവേറ്റും.

യോശുവയെയും കാലേബിനെയുംപോലെ വിശ്വാസത്തിൽ നമുക്കു ഉറച്ചു നില്ക്കാം. നമ്മുടെ വാഗ്ദത്തനാടു കാണുവാനുള്ള സമയം അടുത്തു വരികയാണ്. 'യോശുവ' എന്ന വാക്കിൻെറ അർത്ഥം 'യഹോവ എൻെറ രക്ഷകൻ' എന്നാണ്. പൌലോസ് ആദ്യ സഭയുടെ വഴികാട്ടിയായിരുന്നതുപോലെ അന്ത്യകാല സഭയുടെ വഴികാട്ടിയുടെ ഒരു മുന്നടയാളമാണ് യോശുവ. കാലേബു യോശുവയോടുകൂടെ നിന്ന വിശ്വസ്തരായവരെയും പ്രതിനിധാനം ചെയ്യുന്നു. ദൈവം യിസ്രായേൽ ജനങ്ങളെ തൻെറ വചനത്താൽ ഒരു പരിശുദ്ധ സഭയായി വിളിച്ചു വേർതിരിച്ചു. എന്നാൽ അവർ അതിൽനിന്നു വ്യത്യാസപ്പെട്ടിരിക്കാനാണു ആഗ്രഹിച്ചത്. അതുതന്നെയാണ് അന്ത്യകാല സഭയും ചെയ്തിരിക്കുന്നത്. ദൈവത്തിൻെറ നിർണ്ണയപ്രകാരമുള്ള സമയം വരുന്നതുവരെ ദൈവം യിസ്രായേൽ ജനങ്ങളെ മിസ്രയീമിൽ നിന്നു പുറപ്പെടുവിക്കയോ വാഗ്ദത്ത നാട്ടിൽ കടക്കുവാൻ അനുവദിക്കുകയോ ചെയ്തില്ല എന്നതു ശ്രദ്ധിക്കുക. ഒരുപക്ഷെ ജനങ്ങൾ യോശുവയുടെമെൽ സമ്മർദ്ദം ചെലുത്തിയിരിക്കാം. അവർ അവനോടു പറഞ്ഞിട്ടുണ്ടാകണം, ''യോശുവയേ, ആ ദേശം നമ്മുടേതാണ്. നമുക്കു ഉടനെപോയി അതു കൈവശമാക്കാം. ഒരുപക്ഷേ നിനക്കു നല്കപ്പെട്ടിരുന്ന ആ ചുമതല ഇപ്പോൾ നിനക്കു നഷ്ടപ്പെട്ടുപോയിരിക്കാം. നിനക്കു മുമ്പുണ്ടായിരുന്നതുപോലുള്ള ശക്തിയൊന്നും കാണുന്നില്ലല്ലോ. മുമ്പു നീ ദൈവത്തിൻെറ ഇഷ്ടം എന്താണെന്നു അറിഞ്ഞു ഉടനെ പ്രവർത്തിക്കയും ദൈവം നിന്നോടു പലപ്പോഴും സംസാരിക്കയും ചെയ്തിരുന്നു. ഇപ്പോൾ നിന്നിൽ എന്തോ ഒരു കുഴപ്പമുണ്ട്.'' എന്നാൽ യോശുവ ദൈവത്താൽ അയക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു. അവൻ ദൈവത്തിൻെറ വാഗ്ദത്തങ്ങൾ എല്ലാം അറിഞ്ഞിരുന്നു. അതിനാൽ അവൻ അതിനായി കാത്തിരുന്നു. ദൈവത്തിൽ നിന്നും വ്യക്തമായ ഒരു തീരുമാനത്തിനായി അവൻ



മോശെയുടെയും ഏലിയാവിൻെറയും യോഹന്നാൻ സ്നാപകൻെറയും വിചിത്ര പെരുമാറ്റം - ജനങ്ങളുടെ ഇടയിൽ നിന്നു മാറി നിർജ്ജനപ്രദേശത്തുപോയി താമസിച്ചത് - പലരേയും ചിന്താക്കുഴപ്പത്തിലാക്കി. അവരുടെ ദൂതു ജനങ്ങൾ നിരാകരിച്ചതുകൊണ്ടാണു അവൻ അപ്രകാരം ചെയ്തതെന്നു അവർക്കു മനസ്സിലായില്ല. എന്നാൽ അവൻ വിത്തു വിതെച്ചുകഴിഞ്ഞിരുന്നു. ന്യായവിധിയായിരുന്നു അടുത്ത പടി. ന്യായവിധി വരുന്നതിനുമുമ്പ് ജനങ്ങൾക്കു ഒരു അടയാളമായിരിക്കുക എന്ന ജോലി അവൻ നിർവ്വഹിച്ചു കഴിഞ്ഞിരുന്നു.

വെളിപ്പാടു 13:16 പ്രകാരം മൃഗത്തിൻെറ മുദ്ര കൈമേലും നെറ്റിയിലും ഏല്ക്കുന്നവർക്കു മാത്രമേ പ്രസംഗിക്കാനുള്ള അനുമതി ലഭിക്കയുള്ളു. വിഭാഗീയ സഭകൾ ആ മുദ്ര ഏല്ക്കും. മണവാട്ടി അതു ഏല്ക്കുകയില്ല എന്നതിനാൽ പ്രസംഗിക്കുന്നതിനുള്ള അനുമതി നിഷേധിക്കപ്പെടും. അപ്പോൾ കുഞ്ഞാടു വന്നു തൻെറ മണവാട്ടിയെ ചേർത്തു കൊള്ളുകയും മഹാവേശ്യയായ കപട സഭയെ ന്യായം വിധിക്കയും ചെയ്യും.

ഒരു പ്രത്യേക ജോലി നിർവ്വഹിക്കാനായയാണ് മോശെ ജനിച്ചത്. എന്നാൽ ആ ജോലി നിർവ്വഹിക്കാൻ തക്കവണ്ണം അവനെ പ്രാപ്തനാക്കിത്തീർക്കുന്ന വരങ്ങൾ ദൈവത്തിൽ നിന്നും ലഭിക്കുന്നതുവരെ ആ പ്രവൃത്തി ചെയ്യുവാൻ അവനു കഴിയുമായിരുന്നില്ല. അതിനായി അവൻ മരുഭൂമിയിൽ പോയി കാത്തിരിക്കേണ്ടിവന്നു. എല്ലാറ്റിനും വേണ്ടി ദൈവത്തോടു നിലവിളിക്കാൻ നിർബന്ധിതരാകത്തക്ക വിധത്തിൽ അവരെ കഷ്ടപ്പെടുത്തുന്ന ഒരു ഫറവോൻ സിംഹാസനത്തിൽ ആദ്യം വരേണമായിരുന്നു. മോശെയെ അവൻെറ വേലക്കായി നിയോഗിച്ചയക്കുന്നതിനു മുമ്പുവരെ ഇതൊക്കെ സംഭവിക്കണമായിരുന്നു. നമ്മുടെ കാലത്തിനും ഇതു ഒരു യാഥാർത്ഥ്യമാണ്.

ഇന്നു നമുക്കുള്ളതെന്താണ്? അനേകർ അടയാളങ്ങൾ പ്രവർത്തിക്കുന്നു. അടയാളങ്ങൾ അന്വേഷിച്ചു നടക്കുന്ന ഒരു തലമുറയാണു ഇന്നു നമുക്കുള്ളത്. അവർക്കു വചനത്തെക്കുറിച്ചോ പരിശുദ്ധാത്മാവിൻെറ യഥാർത്ഥ ക്രിയകളെക്കുറിച്ചോ യാതൊന്നും അറിഞ്ഞുകൂടാ. രക്തവും എണ്ണയും അഗ്നിയും കണ്ടാൽ അവർക്കു സന്തോഷമാകും; അതു ദൈവ വചനത്തിലുള്ള കാര്യമാണോ എന്നതു പ്രശ്നമല്ല. ഏതു അടയാളമായാലും അതിനെ അവർ പിന്താങ്ങും, അതു ദൈവവചനത്തിനു അനുസരണമല്ലെങ്കിൽ തന്നെയും. എന്നാൽ

യിസ്രായേൽ മക്കൾ ദൈവത്തെ സ്വതന്ത്രമായി ആരാധിക്കുന്നതിനുവേണ്ടി മിസ്രയീം ഉപേക്ഷിച്ചു പോകുകയും മറ്റു ജാതികളെയെല്ലാം തുടച്ചു നീക്കി ദാവീദിനെപ്പോലുള്ള മഹാൻമാരായ രാജാക്കൻമാരുടെ കീഴിൽ ഒരു രാജ്യമായി ഉയരുകയും ചെയ്തു. താമസിയാതെ ഒരു ആഹാബിനെ അവർ സിംഹാസനത്തിൽ അവരോധിച്ചു. അവനെ നിയന്ത്രിക്കുന്നതിനു അവന്റെ പിന്നിലായി ഒരു ഈസേബെലും ഉണ്ടായിരുന്നു. അതുതന്നെയാണ് നാം അമേരിക്കയിലും ചെയ്തത്. നമ്മുടെ പൂർവ്വീകൻമാർ സ്വാതന്ത്ര്യമായി ജീവിക്കുന്നതിനും ആരാധിക്കുന്നതിനുമായി ഈ രാജ്യത്തിൽ കുടിയേറിപ്പാർത്തു. അവർ ഇവിടെയുണ്ടായിരുന്ന നാട്ടുകാരെയെല്ലാം വിരട്ടിയോടിച്ചു ഈ രാജ്യം കൈയ്യടക്കി. വാഷിംഗ്ടണെപ്പോലെയും ലിങ്കനെപ്പോലെയുമുള്ള മഹാൻമാർ ഇവിടെ ഉണ്ടായെങ്കിലും കാലക്രമത്തിൽ അപ്രഗത്ഭരായ ആളുകൾ ഈ മഹാൻമാരുടെ പിൻതുടർച്ചക്കാരായി വരികയും താമസിയാതെ അവർ ഒരു ആഹാബിനെ പ്രസിഡണ്ടു സ്ഥാനത്തു അവരോധിക്കയും ചെയ്തു. അവനെ നിയന്ത്രിക്കുന്നതിനു ഒരു ഈസബേലും അവന്റെ പിന്നിലുണ്ടായിരുന്നു. അപ്രകാരമൊരു സാഹചര്യം നിലവിൽ വരുമ്പോഴാണു മലാഖി 4-ൽ പറയപ്പെട്ടിരിക്കുന്ന ആ ദൂതൻ വരേണ്ടത്. അപ്പോൾ കർമ്മേൽ പർവ്വതത്തിൽവെച്ച് ദൈവത്തിന്റെ മഹിമ കാണപ്പെട്ടതുപോലെ പിൻമഴയിലും ദൈവത്തിന്റെ മഹിമ അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും വീണ്ടും കാണപ്പെടും. അതു വചനത്തിൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധയോടെ നോക്കിക്കണ്ടുകൊള്ളുവിൻ. മലാഖി 3-ൽ പറഞ്ഞിരിക്കുന്നതു യേശുവിന്റെ മുന്നോടിയായ യോഹന്നാനെക്കുറിച്ചാണ്. അവൻ മുൻമഴയുടെ വിത്തു വിതെച്ചു എന്നാൽ അന്നത്തെ മതസ്ഥാപനങ്ങൾ അവനെ തള്ളിക്കളഞ്ഞു. യേശു മറുരൂപമലയിൽ രൂപാന്തരപ്പെട്ടു തന്നെ വെളിപ്പെടുത്തിക്കാണിച്ചു. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ മുന്നോടി (Forerunner) യായവൻ, പിൻമഴയുടെ വിത്താണു വിതെക്കുന്നത്. അപ്പോൾ വിഭാഗീയ സഭകളുടേയും വിശ്വാസപ്രമാണങ്ങളുടെയും ഇടയിൽ യേശു വന്നു തന്റെ മണവാട്ടി സഭക്കു അവന്റെ വചനത്തെ ഉറപ്പിച്ചുകൊടുത്ത് മണവാട്ടിയെ ഉൽപ്രാപണത്തിൽ (Rapture) എടുത്തുകൊള്ളും. ആദ്യത്തെ സംഭവം കർമ്മേൽ പർവ്വതത്തിലും രണ്ടാമത്തേതു മറുരൂപമലയിലും ആയിരുന്നു. മൂന്നാമത്തേതു സീയോൻ മലയിൽ ആയിരിക്കും.



കാത്തിരുന്നു. കാലം തികഞ്ഞപ്പോൾ ദൈവം എല്ലാ നേതൃത്വവും യോശുവയുടെ കൈകളിൽ നല്കി എന്തുകൊണ്ടെന്നാൽ അവൻ വചനത്തിനനുസരിച്ച് നിന്നിരുന്നു. ദൈവത്തിനു യോശുവയിൽ വിശ്വാസമർപ്പിക്കുവാൻ കഴിഞ്ഞു. എന്നാൽ മറ്റുള്ളവർ അങ്ങനെ ചെയ്തില്ല. ഈ കാര്യങ്ങളെല്ലാം അന്ത്യകാല സഭയിലും ആവർത്തിക്കപ്പെടും. ഒരേ തരത്തിലുള്ള പ്രശ്നങ്ങളും സമ്മർദ്ദങ്ങളും വീണ്ടും ഉണ്ടാകും.

മോശെയെ നമുക്കു ഉദാഹരണമായെടുക്കാം. ദൈവത്താൽ അഭിഷിക്തനായ ഈ വലിയ പ്രവാചകന്റെ ജനനംതന്നെ പ്രത്യേകതയുള്ള ഒന്നായിരുന്നു. അബ്രഹാമിന്റെ സന്തതികളായിരുന്നവരെ മിസ്രയീമിൽനിന്നും വിടുവിക്കുന്നതിനായി തക്ക സമയത്തു തന്നെ അവൻ ജനിച്ചു. തിരുവചനം സംബന്ധിച്ചു പുരോഹിതൻമാരുമായി തർക്കിക്കുവാനോ ബഹളം ഉണ്ടാക്കുവാനോ അവൻ ഒരിക്കലും മിസ്രയീമിൽ താമസിച്ചിരുന്നില്ല. അവനെ ജനങ്ങൾ നേതാവായി സ്വീകരിക്കുവാൻ പ്രാപ്തരാകുന്നതുവരെ അവൻ മരുഭൂമിയിൽ പോയി താമസിക്കുകയാണു ചെയ്തത്. ദൈവം മോശെയെ മരുഭൂമിയിലേക്കു വിളിച്ചു. അത്രയും കാലം അവിടെ താമസിക്കേണ്ടി വന്നത് മോശെയുടെ കുറ്റം കൊണ്ടായിരുന്നില്ല, ജനങ്ങൾ അവനെ സ്വീകരിക്കാൻ പ്രാപ്തരായിരുന്നില്ല എന്നതിനാലാണ്. ജനങ്ങൾക്കു കാര്യം ഗ്രഹിക്കാൻ കഴിയുമെന്നു മോശെ കരുതിയെങ്കിലും അവർക്കു അതു കഴിയുമായിരുന്നില്ല.

അതുപോലെ ദൈവത്തിന്റെ വചനം ഏലിയാവിനും ലഭിച്ചിരുന്നു. അവൻ ദൈവ വചനം പ്രസംഗിച്ചപ്പോൾ ആ അമേരിക്കൻ ഈസേബേൽ ഗ്രൂപ്പിന്റെ മുന്നോടിയായിരുന്നവർ ദൈവവചനം സ്വീകരിച്ചില്ല. ദൈവം അവനെ അവരുടെ ഇടയിൽനിന്നും വിളിച്ചതിനുശേഷം അവർക്കു കൊടുത്ത പ്രവാചകനേയും അവന്റെ ദൂതിനെയും നിരാകരിച്ച ആ തലമുറയെ മഹാകഷ്ടങ്ങളാൽ ബാധിച്ചു. ദൈവം അവനെ മരുഭൂമിയിലേക്കു വിളിച്ചു. രാജാവു അവനെ വിളിച്ചിട്ടുപോലും അവൻ പോകുവാൻ കൂട്ടാക്കിയില്ല. അവനെ അങ്ങനെ ചെയ്യുവാൻ നിർബന്ധിച്ചവർ എല്ലാം മരിച്ചുപോയി. ദൈവം തന്റെ വിശ്വസ്തനായ ആ പ്രവാചകനോടു ദർശനങ്ങളിലൂടെ സംസാരിച്ചു. അപ്പോൾ അവൻ താൻ ഒളിച്ചിരുന്ന സ്ഥലത്തുനിന്നും എഴുന്നേറ്റു യിസ്രായേലിലേക്കു ചെന്നു ദൈവ വചനം അവരോടു പ്രഖ്യാപിച്ചു.

അതിനുശേഷം യോഹന്നാൻ സ്നാപകൻ, യേശുവിൻെറ വിശ്വസ്തനായ മുന്നോടി, ആ കാലത്തിലെ ഏറ്റവും ശക്തിയേറിയ പ്രവാചകൻ വന്നു. അവൻ തൻെറ പിതാവിൻെറ സ്ക്കൂളിലേക്കോ അല്ലെങ്കിൽ പരീശൻമാരുടെ സ്ക്കൂളിലേക്കോ ഏതെങ്കിലും വിഭാഗീയ സഭകളിലേക്കോ പോയില്ല. അവൻ ദൈവത്താൽ വിളിക്കപ്പെട്ടവനായി മരുഭൂമിയിലേക്കാണ് പോയത്. അവിടെവെച്ച് ദൈവം അവന് ഒരു ദൂതു നല്കി. "മശീഹ വരുന്നു" എന്നു വിളിച്ചു പറഞ്ഞുകൊണ്ട് ആ ദൂതുമായി അവിടെനിന്നും പോകുവാൻ ദൈവം അനുവദിക്കുന്നതുവരെ അവൻ മരുഭൂമിയിൽ തന്നെ താമസിച്ചു.

തിരുവചനത്തിൽ നിന്നു ഒരു മുന്നറിയിപ്പും ഇവിടെ നമുക്കു എടുക്കാം. മോശെയുടെ കാലത്തിൽ ദൈവത്തിൻെറ മഹാനായ പ്രവാചകൻ എന്നും ദൈവം തന്നെ തെളിയിച്ചു കാണിച്ച മോശെക്കു വിരോധമായി കോരഹ് എഴുന്നേറ്റില്ലേ? അവൻ മോശെയുമായി തർക്കിക്കുകയും മോശെയെപ്പോലെ തന്നെ ജനങ്ങളെ നയിക്കുവാൻ അവനും ദൈവത്തിൽ നിന്നു വേണ്ടതെല്ലാം കിട്ടിയിട്ടുണ്ടെന്നും, മോശെക്കു മാത്രമല്ല അവനും വെളിപ്പാടു ലഭിച്ചിട്ടുണ്ടെന്നുമെല്ലാം അവൻ പറഞ്ഞു. അവൻ മോശെക്കു എതിരായി മത്സരിക്കുകയും അവൻെറ അധികാരത്തെ നിഷേധിക്കയും ചെയ്തു. അന്നു അവിടെയുണ്ടായിരുന്ന ജനങ്ങൾ ദൈവത്തിൻെറ യഥാർത്ഥ വചനം കേൾക്കുകയും മോശെ ദൈവത്തിൻെറ യഥാർത്ഥ പ്രവാചകനാണെന്ന കാര്യം ദൈവം ന്യായീകരിച്ചു തെളിയിച്ചതു മനസ്സിലാക്കിയിരുന്നവരുമായിരുന്നു. എന്നിട്ടും ആ ജനങ്ങൾ കോരഹിൻെറ മത്സരത്തിൽ വീണു നശിച്ചുപോയി. കോരഹ് തിരുവചനപ്രകാരമുള്ള ഒരു പ്രവാചകനായിരുന്നില്ല. എന്നിരുന്നാലും അനേകം ജനങ്ങൾ അവരുടെ നായകൻമാരോടുകൂടെ അവൻെറ പക്ഷം ചേർന്നു. ഇന്നത്തെ സുവിശേഷവേലക്കാർ കോരഹിൻേറതുപോലുള്ള സ്വർണ്ണക്കാളക്കുട്ടി പദ്ധതികളുമായി എത്ര സാമ്യമുള്ളവരാണ്. ജനങ്ങൾക്കു അവർ നല്ലവരാണ്, അന്നു ജനങ്ങൾക്കു കോരഹ് നല്ലവനായി തോന്നിയതു പോലെ തന്നെ. അവരുടെ നെറ്റിത്തടത്തിൽ രക്തത്തിൻെറ അടയാളങ്ങളും കൈകളിൽ എണ്ണയും അവരുടെ പ്രസംഗവേദികളിൽ അഗ്നിഗോളങ്ങളുമുണ്ട്. അവർ സ്ത്രീ പ്രാസംഗികരെ പ്രസംഗിക്കാൻ അനുവദിക്കുന്നു. സ്ത്രീകൾ മുടി നീളം കുറക്കുന്നതിനും ഷർട്ടും ഇറക്കം കുറഞ്ഞ നിക്കറും ധരിക്കുന്നതിനും അവരുടെ സ്വന്ത സഭാ വിശ്വാസപ്രമാണങ്ങൾക്കും തത്വോപദേശങ്ങൾക്കും അനുസരണമായി



ദൈവ വചനത്തെ മറികടക്കുന്നതിനും അവർ അനുവദിക്കുന്നു. ഇതെല്ലാം അവരിൽ ഏതു വിത്താണുള്ളതെന്നു കാണിക്കുന്നു. എന്നാൽ എല്ലാവരും മോശെയെ ഉപേക്ഷിക്കുകയോ ദൈവ വചനത്തെ തള്ളിക്കളയുകയോ ചെയ്തില്ല. തിരഞ്ഞെടുക്കപ്പെട്ടവർ അവനോടുകൂടെ നിന്നു. അതുപോലെതന്നെ ഈ കാലത്തിലും വീണ്ടും സംഭവിച്ചുകൊണ്ടിരിക്കുന്നു. അനേകർ ദൈവവചനം തള്ളിക്കളയുന്നു. എന്നാൽ ചിലർ മാത്രം ദൈവ വചനത്തോടൊപ്പം നില്ക്കുന്നു. വിത്തിൻെറയും കളയുടേയും ഉപമ ഓർമ്മിച്ചുകൊള്ളുക. കളകൾ കൂട്ടിക്കെട്ടി തീയിൽ ഇട്ടു ചുട്ടുകളയും. ദൈവവിശ്വാസം തള്ളിക്കളഞ്ഞ ഈ സഭകൾ ഒന്നോടൊന്നു കൂടിച്ചേർന്നു വരികയാണ്. ദൈവത്തിൻെറ ന്യായവിധിയുടെ അഗ്നി അവരെ നശിപ്പിക്കുവാനുള്ള സമയം അടുത്തു വരുന്നു. എന്നാൽ ഗോതമ്പു യജമാനൻെറ കളപ്പുരയിൽ ചേർക്കപ്പെടും.

നിങ്ങൾ വളരെ ശ്രദ്ധയോടെ ഈ കാര്യം മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അന്ത്യകാലത്തിൽ മലാഖി 4-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിറവേറപ്പെടുമെന്നു ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്. അതു അങ്ങനെതന്നെ ആകേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ ആത്മാവിനാൽ ഉയർപ്പിക്കപ്പെട്ട ദൈവത്തിൻെറ വചനമാണ് മലാഖി പ്രവാചകനിലൂടെ നല്കിയിരിക്കുന്നത്. യേശു അതിനെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. അതു ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൻെറ തൊട്ടു മുമ്പിലായിരിക്കും. യേശു വരുമ്പോൾ എല്ലാ തിരുവെഴുത്തുകളും നിറവേപ്പെടേണ്ടിയിരിക്കുന്നു. പുറജാതികളെ ദൈവം വീണ്ടെടുക്കുന്നതു അന്ത്യ സഭയുടെ കാലത്തിൽ മലാഖി 4-ൽ പറഞ്ഞിരിക്കുന്ന പ്രവാചകൻ വരുമ്പോഴാണ്. അവൻ വചനത്തിൽ ഉറച്ചു നില്ക്കും. ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള ബൈബിൾ സത്യങ്ങൾ അവൻ വെളിപ്പെടുത്തിത്തരും. സർപ്പസന്തതി (Serpent's Seed) യിൽ തുടങ്ങി പിൻമഴയുടെ കാലത്തെ ദൂതൻ വരെയുള്ള ബൈബിൾ സത്യങ്ങൾ നമുക്കു ഗ്രഹിപ്പിച്ചു തരും. എന്നാൽ അവനെ എല്ലാ വിഭാഗീയ സഭകളും തള്ളിക്കളയും.

ആഹാബിൻെറ ചരിത്രം ഇവിടെ ആവർത്തിക്കപ്പെടുന്നു. ആഹാബിൻെറ കീഴിലായിരുന്ന യിസ്രായേൽ ജനങ്ങളുടെ ചരിത്രം ഇവിടെ മലാഖി 4-ാം അദ്ധ്യായത്തിൽ പറയപ്പെട്ടിരിക്കുന്ന പ്രവാചകൻ പ്രത്യക്ഷപ്പെടേണ്ടതായ അമേരിക്കയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.